**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 102** **07-10-2024 - ൽ മറുപടിയ്ക്ക്**

**ക്രമസമാധാന പാലനവുമായി ബന്ധപ്പെട്ട് പുരസ്കാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന് കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ ക്രമസമാധാന പാലനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്ന് ഏതെങ്കിലും പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) | ഉണ്ട്.<br><br>കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ ക്രമസമാധാന പാലനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ വിവിധ പുരസ്കാരങ്ങൾക്ക് അർഹമായിട്ടുണ്ട്. അതിൽ ഏറ്റവും അവസാനത്തെ പുരസ്കാരം 10.09.2024 ന് ലഭിച്ച സ്ത്രീകൾക്കും കുട്ടികൾക്കും എതിരായി ഓൺ ലൈനിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിന് സജീവമായ ഇടപെടൽ നടത്തിയതിനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പുരസ്കാരമാണ്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. പാസ്പോർട്ട് അപേക്ഷകളുടെ പരിശോധനയിലെ കൃത്യതയ്ക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയം നൽകുന്ന സർട്ടിഫിക്കറ്റ് ഓഫ് റെക്കൊഗ്നേഷൻ കേരള പോലീസിന് ലഭിച്ചു. പോലീസിലെ സാങ്കേതിക വിദഗ്ദ്ധർ നിർമ്മിച്ച ഇ-വിഐപി എന്ന സംവിധാനമാണ് പാസ്പോർട്ട് അപേക്ഷകളിലെ പരിശോധനയിലെ കാലതാമസം ഒഴിവാക്കുന്നതിന് കേരളാ പോലീസിന് സഹായകമായത്.

2. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ഫിംഗർ പ്രിന്റ് ബ്യൂറോ നടത്തിയ സ്മാർട്ട് യൂസ് ഓഫ് ഫിംഗർപ്രിന്റ് സയൻസ് ഇൻ ഇൻവെസ്റ്റിഗേഷൻ മത്സരത്തിൽ കേരളാ പോലീസിന് മൂന്നാം സ്ഥാനം ലഭിച്ചു. ആലപ്പുഴ വെൺമണി ഇരട്ടക്കൊലപാതക കേസ് തെളിയിച്ചതിൽ വിരലടയാള വിദഗ്ധരുടെ വൈദഗ്ധ്യം വിലയിരുത്തിയാണ് ടി പുരസ്കാരം നൽകിയത്.

3. CCTNS & ICJS എന്നിവയുടെ പ്രവർത്തന മികവ് പരിഗണിച്ച് കേരള പോലീസിലെ ഉദ്യോഗസ്ഥർക്ക് കേന്ദ്രആഭ്യന്തര മന്ത്രാലയത്തിന്റെ 2023-ലെ “Good Practices in CCTNS & ICJS“ അവാർഡ് ലഭിച്ചു.

4. നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർക്കുള്ള ദക്ഷിണ മേഖലയിലെ മികച്ച പരിശീലന കേന്ദ്രത്തിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം നൽകുന്ന 2016-17-ലെ അവാർഡിന് തൃശ്ശൂരിലെ കേരള പോലീസ് അക്കാദമി തെരഞ്ഞെടുക്കപ്പെട്ടു.

5. കേരള പോലീസ് നടപ്പിലാക്കിയ ‘SOFT’ (Save Our Fellow Traveller), 2017- ലെ നഗര കാര്യ മന്ത്രാലയം, ഭാരത സർക്കാർ ഏർപ്പെടുത്തിയ അവാർഡ് ലഭിച്ചു.

6. കേന്ദ്ര ആഭ്യന്തര മന്ത്രാലയം നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 2018-ലെ രാജ്യത്തെ ഏറ്റവും മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ ഒന്നായി കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷൻ തെരഞ്ഞെടുക്കപ്പെട്ടു.

7. 2019-ലെ സംസ്ഥാനത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനായി തൃശ്ശൂർ സിറ്റി ജില്ലയിലെ ഒല്ലൂർ പോലീസ് സ്റ്റേഷനെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തെരഞ്ഞെടുത്തു.

8. നിയമ നിർവ്വഹണ ഏജൻസികൾക്ക് കാര്യക്ഷമതാ പരിപോഷണത്തിനായി മികച്ച പ്രവർത്തനം കാഴ്ച വച്ചതിന് കേരളാ പോലീസ് സൈബർഡോമിന് 2020-ലെ ഡാറ്റാ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എക്സലൻസ് അവാർഡ് ലഭിച്ചു.

9. വാർത്താ വിനിമയം, വിവര സാങ്കേതിക വിദ്യ എന്നിവ ഉപയോഗിച്ച് സാമൂഹ്യ മാധ്യമങ്ങളിൽ നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് കേരളാ പോലീസിന്റെ സോഷ്യൽ മീഡിയാ സെല്ലിനും സൈബർ ഡോമിനും 2020-21 വർഷത്തെ ദേശീയ e-Governance അവാർഡ് ലഭിച്ചു.

10. 2021-ലെ സംസ്ഥാനത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനായി പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം പോലീസ് സ്റ്റേഷനെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തെരഞ്ഞെടുത്തു.

11. 2020-21-ലെ നാഷണൽ ഇ-ഗവേണൻസ് അവാർഡ് കേരളാ പോലീസിലെ സോഷ്യൽ മീഡിയാ സെല്ലിനും സൈബർ ഡോമിനും ലഭിച്ചു.

12. 2022-ലെ സംസ്ഥാനത്തെ മികച്ച പോലീസ് സ്റ്റേഷനായി പാലക്കാട് ജില്ലയിലെ ഷോളയൂർ പോലീസ് സ്റ്റേഷനെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തെരഞ്ഞെടുത്തു.

13. ക്രമസമാധാന പാലനം, കുറ്റകൃത്യ നിയന്ത്രണം, വി.ഐ.പി. സുരക്ഷ എന്നീ മേഖലകളിലെ പ്രവർത്തന മികവിന് കണ്ണൂർ സിറ്റിയിലെ ചക്കരക്കൽ പോലീസ് സ്റ്റേഷന് ISO സർട്ടിഫിക്കറ്റ് ലഭിച്ചു.

14. സംസ്ഥാനത്ത് ഐ.എസ്.ഒ. അംഗീകാരം ലഭിക്കുന്ന ആദ്യ എസ്.പി. ഓഫീസായി കൊല്ലം സിറ്റി ജില്ലാ പോലീസ് ഓഫീസ് 26.12.2017-ൽ തെരഞ്ഞെടുത്തു.

15. ജനകീയ പോലീസ് പദ്ധതികളോടൊപ്പം, ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ പദ്ധതിയും വിജയകരമായി നടപ്പിലാക്കിയതിന് കോഴിക്കോട് സിറ്റിയിലെ കോഴിക്കോട് ടൗൺ പോലീസ് സ്റ്റേഷന് ISO 9001 : 2005 അംഗീകാരം ലഭിച്ചു.

16. പത്തനംതിട്ട ജില്ലയിൽ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ISO അംഗീകാരം ലഭിക്കുന്ന ആദ്യ സ്റ്റേഷനായി എരുമേലി പോലീസ് സ്റ്റേഷൻ മാറി.

17. സൈബർ കുറ്റകൃത്യങ്ങൾ കാര്യക്ഷമമായി നിയന്ത്രിക്കുന്നതിൽ മികച്ച പ്രവർത്തനം കാഴ്ച വച്ചതിന് സൈബർ ഡോമിന് ISO അംഗീകാരം ലഭിച്ചു.

18. കോവിഡ്-19 മഹാമാരിക്കാലത്ത് ആരോഗ്യവകുപ്പുമായി ചേർന്ന് നടത്തിയ പ്രവർത്തന മികവിന് ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം പോലീസ് സ്റ്റേഷന് ISO അംഗീകാരം ലഭിച്ചു.

19. കുറ്റകൃത്യങ്ങളുടെ കണ്ടെത്തലും പ്രതിരോധവും ക്രമസമാധാന പാലനം, പൊതുജനങ്ങൾക്കായി ആധുനിക സൗകര്യങ്ങൾ ഒരുക്കുക, ഹരിത പ്രോട്ടോക്കോൾ, കൃഷി, വിദ്യാഭ്യാസം മറ്റ് സേവനങ്ങൾ എന്നിവയിലെ മികവിന് തൃശ്ശൂർ റൂറൽ ജില്ലയിലെ കൊരട്ടി പോലീസ് സ്റ്റേഷന് ISO 9001 : 2018 സർട്ടിഫിക്കറ്റ് ലഭിച്ചു.

20. ശാസ്താംകോട്ട, ചവറ, കോഴിക്കോട് ടൗൺ, എരുമേലി, ചക്കരയ്ക്കൽ, മുട്ടം, മാരാരിക്കുളം, കൊരട്ടി എന്നീ പോലീസ് സ്റ്റേഷനുകൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിച്ചു.

21. കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തടയുന്നതിലുമുള്ള മികവ്, കൃത്യമായ ക്രമസമാധാന പാലനം, മയക്കുമരുന്ന് വിൽപ്പനയും ഉപയോഗവും കണ്ടെത്തി തടയുന്നതിലുള്ള മികവ്, ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള പൊതുജന സേവനം എന്നിവ പരിഗണിച്ച് തൃശ്ശൂർ സിറ്റി പോലീസ് ജില്ലയിലെ മണ്ണുത്തി പോലീസ് സ്റ്റേഷന് ഐ.എസ്.ഒ. പുരസ്കാരം ലഭിച്ചു.

22. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായി ഓൺലൈനിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിന് സജീവമായ ഇടപെടൽ നടത്തിയതിനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പുരസ്കാരം കേരള പോലീസിന് ലഭിച്ചു. ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്ററിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി സൈബർ ഓപ്പറേഷൻസ് വിഭാഗം എസ്.പി. എന്നിവർ ചേർന്ന് 10.09.2024-ൽ പ്രസ്തുത അവാർഡ് സ്വീകരിച്ചു.

23. കേന്ദ്ര ആഭ്യന്തര മന്ത്രാലയം നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 2023-ലെ രാജ്യത്തെ ഏറ്റവും മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ ഒന്നായി മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പോലീസ് സ്റ്റേഷൻ തെരഞ്ഞെടുക്കപ്പെട്ടു.